പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 600** | **13-10-2026-ൽ മറുപടിയ്ക്ക്**

**<u>കേരളത്തിൽ ഉല്പാദിപ്പിക്കുന്ന സോളാർ വൈദ്യുതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ | ശ്രീ. സണ്ണി ജോസഫ് (വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് സോളാറിലൂടെ പ്രതിദിനം ഉല്പാദിപ്പിക്കുന്ന ശരാശരി വൈദ്യുതിയുടെ അളവെത്ര; അതിൽ സംസ്ഥാനത്ത് ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവെത്ര; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് ഇപ്പോൾ പ്രതിദിനം ഉല്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുതി 5.95 MU ആണ്. സംസ്ഥാനത്ത് ഉത്പാദിപ്പിച്ച സോളാർ വൈദ്യുതി എല്ലാം സംസ്ഥാനത്തിനകത്ത് തന്നെ ഉപയോഗിക്കുന്നു.

**(ബി)** സംസ്ഥാനത്ത് പകൽ സമയം സോളാറിലൂടെ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയിൽ രാത്രികാലത്തേക്ക് ഉപയോഗിക്കുന്നതിനായി സംഭരിക്കുന്ന വൈദ്യുതിയുടെ അളവെത്ര, പകൽ സമയം സോളാറിലൂടെ ഉത്പാദിപ്പിക്കുന്ന വൈദ്യുതിയിൽ നിന്ന് അന്യ സംസ്ഥാനങ്ങൾക്ക് നൽകുന്ന വൈദ്യുതിയുടെ അളവെത്ര; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പകൽ സമയത്ത് സോളാറിലൂടെ ഉല്പാദിപ്പിക്കുന്ന വൈദ്യുതി ബാറ്ററി എനർജി സ്റ്റോറേജ് സംവിധാനത്തിലാണ് (BESS) സംഭരിക്കാൻ കഴിയുന്നത്. സംസ്ഥാനത്ത് 500 മെഗാവാട്ട് (1500 MWh) ശേഷിയുള്ള ആറ് BESS പ്രൊജെക്ടുകൾ നടപ്പിലാക്കി വരുന്നു. പകൽ സമയം സോളാറിലൂടെ ഉത്പാദിപ്പിക്കുന്ന വൈദ്യുതിയിൽ നിന്നും അന്യ സംസ്ഥാനങ്ങൾക്ക് വൈദ്യുതി നൽകുന്നില്ല.

**(സി)** സംസ്ഥാനത്ത് പകൽ സമയം സോളാറിലൂടെ ഉത്പാദിപ്പിക്കുന്ന വൈദ്യുതി സംഭരിക്കുന്നതിന് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

**<u>മറുപടി:</u>** മൈലാട്ടി, മുള്ളേരിയ, അരീക്കോട്, ശ്രീകണ്ഠാപുരം, ബ്രഹ്മപുരം, പോത്തൻകോട് എന്നീ 6 പദ്ധതികളാണ് സംസ്ഥാനത്ത് ഇപ്പോൾ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) പദ്ധതികളായി നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. സോളാറിൽ നിന്നും അല്ലാതെയും കെ.എസ്.ഇ.ബി.എൽ. ഗ്രിഡിൽ വരുന്ന വൈദ്യുതി ഉപയോഗപ്പെടുത്തിയാണ് ഈ പ്രോജക്ടുകൾ നടപ്പിലാക്കുന്നത്.

**സെക്ഷൻ ഓഫീസർ**